2. തെക്കൻ കേരളത്തിലുണ്ടായ വെള്ളപ്പൊക്കത്തെ സംബന്ധിച്ചും അതുമൂലം സംഭവിച്ച നാശനഷ്ടങ്ങളെ സംബന്ധിച്ചും ഒരു പഠനം നടത്തുകയുണ്ടായി. കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെയാണ് ഈ പഠനം നടത്തിയത്.

3. കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തെ സംബന്ധിച്ച് ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം, ഉപഗ്രഹങ്ങൾ ഇവയുടെ സഹായത്തോടെ ഒരു പഠനം ഇപ്പോൾ കോഴിക്കോട് ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിൽ നടന്നുവരുന്നു. മൂന്നു വർഷകാലാവധിയുള്ള ഈ പഠനം തുടങ്ങിയിട്ട് ഒരു വർഷമായി. മറ്റ് പദ്ധതികളുടെ ഭാഗമായ ഈ പഠനങ്ങൾക്ക് മൊത്തം 5 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) വിവരങ്ങൾ ലഭ്യമല്ല.

റിവർ ആക്ഷൻ പ്ലാൻ പദ്ധതി

41 [2510] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റിവർ ആക്ഷൻ പ്ലാൻ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായമായി ഇതുവരെ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതിക്കായി എത്ര തുക ചെലവഴിച്ചു; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ദേശീയ നദീസംരക്ഷണ പദ്ധതിയിൽപ്പെടുത്തി പമ്പാ നദിയെ മാലിന്യ വിമുക്തമാക്കുന്നതിനുള്ള പമ്പാ ആക്ഷൻ പ്ലാൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2003-04 മുതൽ 2006-07 വർഷകാലയളവിനുള്ളിൽ പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ 18.45 കോടി രൂപയുടെ 12 പ്രവർത്തികൾക്ക് കേന്ദ്രം ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 70:30 എന്ന അനുപാതത്തിൽ ചെലവ് വഹിക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കേരള വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ് എന്നിവർ ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) 2003-04-ൽ 75 ലക്ഷം രൂപ.

(സി) ജലസേചന വകുപ്പ് 2004-05-ൽ നാളിതുവരെ 33.43 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly